**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 582** **13-10-2026-ൽ മറുപടിയ്ക്ക്**

**<u>തളിപ്പറമ്പ് മണ്ഡലത്തിലെ റൂഫ്ടോപ്പ് സൗരോർജ്ജ അപേക്ഷകളും പി.എം. സൂര്യഘർ പദ്ധതി നടത്തിപ്പും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ടി. കെ. ഗോവിന്ദൻ മാസ്റ്റർ

ശ്രീ. സണ്ണി ജോസഫ്
(വൈദ്യുതി, പരിസ്ഥിതി - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി)

**(എ)** പി.എം. സൂര്യഘർ: മുഫ്ത് ബിജ്‌ലി യോജന പ്രകാരവും കെ.എസ്.ഇ.ബി.-യുടെ സൗരോർജ്ജ പദ്ധതികൾ വഴിയും തളിപ്പറമ്പ് മണ്ഡലത്തിൽ ഗാർഹിക ആവശ്യങ്ങൾക്കായി ലഭിച്ച റൂഫ്ടോപ്പ് സൗരോർജ്ജ അപേക്ഷകളുടെ എണ്ണം എത്രയാണെന്നും അവയിൽ എത്ര അപേക്ഷകൾക്ക് ലൈറ്റ്/ സൗരോർജ്ജ പാനലുകൾ സ്ഥാപിച്ച് അനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പി എം സൂര്യഘർ മുഫ്ത് ബിജ്‌ലി യോജന പ്രകാരവും, കെ.എസ്.ഇ.ബി ലിമിറ്റഡ് സൗരോർജ്ജ പദ്ധതി പ്രകാരവും തളിപ്പറമ്പ് മണ്ഡലത്തിൽ 4779 അപേക്ഷകൾ ലഭിച്ചതിൽ, 3917 സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

**(ബി)** പ്രസ്തുത മണ്ഡലത്തിലെ വിദ്യാലയങ്ങൾ, വില്ലേജ് ഓഫീസുകൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ റൂഫ്ടോപ്പ് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കിയവയുടെയും നിലവിൽ പെൻഡിങ്ങിലുള്ളവയുടെയും എണ്ണം സെക്ഷൻ ഓഫീസുകൾ തിരിച്ച് ലഭ്യമാക്കാമോ;

**<u>മറുപടി:</u>** തളിപ്പറമ്പ് മണ്ഡലത്തിൽ, വിദ്യാലയങ്ങൾ, വില്ലേജ് ഓഫീസുകൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ റൂഫ്ടോപ്പ് സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കിയവയുടെയും നിലവിൽ പെൻഡിങ്ങിലുള്ളവയുടെയും സെക്ഷൻ ഓഫീസുകൾ തിരിച്ചുള്ള വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു. അപേക്ഷകൾ ഒന്നും നിലവിൽ പെൻഡിങ്ങിൽ ഇല്ല.

**(സി)** സോളാർ പവർ സിസ്റ്റം പൂർത്തിയാക്കിയ ഉപഭോക്താക്കൾ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി ഗ്രിഡിലേക്ക് നൽകുന്നതിനായി നെറ്റ് മീറ്ററുകൾ സ്ഥാപിക്കുന്നതിൽ കടുത്ത ക്ഷാമവും കാലതാമസവും നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

**<u>മറുപടി:</u>** ഉണ്ട്. എത്രയും വേഗം നെറ്റ് മീറ്ററുകൾ ലഭ്യമാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**(ഡി)** നെറ്റ് മീറ്ററുകളുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിനും അപേക്ഷകർക്ക് വേഗത്തിൽ ഗ്രിഡ് കണക്റ്റിവിറ്റി ഉറപ്പാക്കുന്നതിനുമായി കെ.എസ്.ഇ.ബി. കൈക്കൊണ്ട അടിയന്തര നടപടികൾ

എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** പുരപ്പുറ സോളാർ നിലയങ്ങൾക്കുള്ള നെറ്റ് മീറ്ററിന്റെ ദൗർലഭ്യം പരിഹരിച്ചു വരുന്നു. ഇതിലേക്കായി 82000 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾക്കും, 21000 ത്രീ ഫേസ് നെറ്റ് മീറ്ററുകൾക്കും ഓർഡർ നൽകിയിട്ടുണ്ട്. ആയതിൽ 28700 സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾ വിതരണത്തിനായി കെ.എസ്.ഇ.ബി ലിമിറ്റഡിന്റെ വിവിധ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ എത്തിച്ചിട്ടുണ്ട്. മറ്റൊരു 28700 എണ്ണം സിംഗിൾ ഫേസ് നെറ്റ് മീറ്ററുകൾ വിതരണത്തിനായി തയ്യാറായി കൊണ്ടിരിക്കുന്നു. ബാക്കിയുള്ള 24600 മീറ്ററുകൾ നവംബർ മാസത്തോടു കൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതുപോലെ തന്നെ ആദ്യ ഘട്ടമായി 6300 ത്രീ ഫേസ് നെറ്റ് മീറ്ററുകളും ഒക്ടോബർ മാസം അവസാനത്തോടുകൂടി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ബാക്കി 14700 ത്രീ ഫേസ് മീറ്ററുകൾ ഘട്ടം ഘട്ടമായി ലഭ്യമാക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

**തളിപ്പറമ്പ് മണ്ഡലത്തിൽ, വിദ്യാലയങ്ങൾ, വില്ലേജ് ഓഫീസുകൾ, ആശുപത്രികൾ ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ റൂഫ്ടോപ്പ് സൗരോർജ പാനലുകൾ സ്ഥാപിക്കുന്നതിനായി ലഭിച്ച അപേക്ഷകളിൽ തീർപ്പാക്കിയവയുടെയും നിലവിൽ പെൻഡിങ്ങിലുള്ളവയുടെയും സെക്ഷൻ ഓഫീസുകൾ തിരിച്ചുള്ള വിശദാംശങ്ങൾ**

| Sl No | Section Office | Customer Name | Address |
|---|---|---|---|
| 1 | Thaliparamba [6644] | MEDICAL OFFICER | MEDICAL OFFICER,TALUK AYURVEDA HOSPITAL KOOVODE,TMC XVII 347, KUTTIKKOL PO,, |
| 2 | Thaliparamba [6644] | SECRETARY | SECRETARY,TALIPARAMBA MUNCIPALIY,TALIPARAMBA, SITE at GOVT. MAPPILA SCHOOL,MADRASSA, TALIPARAMBA, |
| 3 | Thaliparamba [6644] | MANAGER ARIYIL U P SCHOOL | MANAGER ARIYIL U P SCHOOL |
| 4 | Karimbam [6645] | THE PRINCIPAL SIR SYED COLLEGE | THE PRINCIPAL SIR SYED COLLEGE |
| 5 | Karimbam [6645] | SECRETARY | SECRETARY TRAINING COLLEGE,, |
| 6 | Karimbam [6645] | MANAGER | MANAGER,YATHIMKHANA LP SCHOOL,KUNDAMKUZHI, TALIPARAMBA,,670141 |
| 7 | Karimbam [6645] | THE HEADMASTER | THE HEADMASTER,GOVT HIGH SCHOOL,KP I/53C, PALLIVAYAL,, |
| 8 | Karimbam [6645] | PRINCIPAL | PRINCIPAL,GOVT. I T I,KURUMATHUR PO, KOONAM,,670142 |
| 9 | Karimbam [6645] | MAHAMOOD K PRINCIPAL | MAHAMOOD K PRINCIPAL,,TMC XV/336D, COLLEGE,, |
| 10 | Dharmassala [6646] | PRINCIPAL GHS MORAZHA | PRINCIPAL GHS MORAZHA,,AP II/169 B, MORAZHA,MORAZHA, |
| 11 | Dharmassala [6646] | THE HEAD MASTER | THE HEAD MASTER,G H S S MORAZHA,MORAZHA PO |
| 12 | Dharmassala [6646] | MEDICAL OFFICER | MEDICAL OFFICER,PRIMARY HEALTH CENTRE,BIKKIRIYANPARAMBA, Kalliyassery |
| 13 | Chapparappadavu [6745] | MEDICAL OFFICER | MEDICAL OFFICER,COMMUNITY HEALTH CENTER,ODUVALLY |
| 14 | Chapparappadavu [6745] | PROJECT OFFICER | PROJECT OFFICER,I T D P,KANNUR (Schedule Tribe Development) |
| 15 | Chapparappadavu [6745] | MEDICAL OFFICER | MEDICAL OFFICER,CHC ODUVALLY,ODUVALLY,CHAPPARAPPADAVU PO,TALIPARAMBA,670581 |